മി. സ്പീക്കർ : ശ്രീ. ബി. ബാബു പ്രസാദ്, ചർച്ച അവസാനിപ്പിക്കാം.

ശ്രീ. ബി. ബാബു പ്രസാദ് : സർ, ഞാൻ ഇതുകൂടി ഒന്നു വായിക്കാം. 'മനുഷ്യാവകാശ ലംഘനങ്ങളുടെ ക്ലാസ് മുറികൾ' എന്ന പേരിൽ പി. എം. ബിനുകുമാർ നമ്മുടെ 'മലയാളം' വാരികയിൽ ഒരു ലേഖനം എഴുതി. ഇത് വളരെ പ്രധാനപ്പെട്ട ഇവിടെ നടക്കുന്ന അസ്വാഭാവികമായ പല കാര്യങ്ങളിലേയ്ക്കും, നീതിരഹിതമായ പല കാര്യങ്ങളിലേയ്ക്കും വെളിച്ചം വീശുന്നുണ്ട്. 21 -ാം നൂറ്റാണ്ടിലെ ലജ്ജിക്കേണ്ട വസ്തുത എന്ന ആമുഖത്തോടെ പരാതി തുടരുന്നു. സ്വകാര്യ സ്ക്കൂൾ വിദ്യാർത്ഥികളിൽ നിന്ന് ആയിരക്കണക്കിന് രൂപ തത്വദീക്ഷയില്ലാതെ പിരിച്ച ശേഷം അദ്ധ്യാപകർക്ക് ശമ്പളത്തിനുപകരം പോക്കറ്റ് മണി നൽകുന്നുവെന്നാണ് ആരോപണം. അതേസമയം അദ്ധ്യാപകർക്ക് നൽകുന്ന ഭിക്ഷയ്ക്ക് പകരം അവരിൽ നിന്ന് തുക രേഖപ്പെടുത്താത്ത റെസീപ്റ്റുകൾ ഒപ്പിട്ടു വാങ്ങുന്നു. അതിൽ മാനേജുമെന്റിന് ഇഷ്ടമുള്ള തുക എഴുതി ചേർക്കുന്നു. ഇക്കാര്യം പുറത്ത് പറഞ്ഞാൽ ജോലി പോകും. അദ്ധ്യാപകർക്ക് യാതൊരു തൊഴിൽ സുരക്ഷിതത്വവുമില്ല. സംസ്ഥാനത്തുടനീളം നടന്നു വരുന്ന പ്രതിഭാസമാണിത്. ഇത്തരത്തിൽ നടക്കുന്ന ചതി അവസാനിപ്പിക്കാൻ മാനേജുമെന്റുകളിൽ നിന്ന് അദ്ധ്യാപകരുടെ ശമ്പളം സർക്കാർ രൂപം നൽകുന്ന ഒരു സ്വതന്ത്ര ഏജൻസി പിരിക്കുകയും ആ ഏജൻസി നേരിട്ട് അദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷിപിക്കുകയും ചെയ്യണമെന്നാണ് അവർ ഉന്നയിച്ചിരിക്കുന്ന പരാതിയുടെ സാരാംശം. ശമ്പളം സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും അദ്ധ്യാപകന് നൽകണമെന്നും പരാതിയിൽ ആവശ്യപ്പെടുന്നു. പരാതിക്കാരന്റെ പേരിലല്ല. ജോലിയിൽ നിന്ന് പിരിച്ചുവിടപ്പെടുമെന്ന ഭയം കാരണമാണ് പേര് വയ്ക്കാത്തത്. അതാത് സ്ക്കൂളുകളിൽ ഇവർക്ക് ഒരു വെൽഫെയർ ഓഫീസറെ വച്ചിട്ടില്ല. അവർക്ക് അതാത് സ്ക്കൂളുകളിലെ അവരുടെ ശമ്പളം ഇതുപോലെ ഒരു പൊതു ഫണ്ടിൽ ഇട്ടിട്ട് അവർക്ക് ന്യായമായ, അവരെക്കൊണ്ട് ഒപ്പിടിവിക്കുന്ന ശമ്പളം ലഭിക്കാനുള്ള ഒരു സാഹചര്യം ഉണ്ടാക്കുകയും അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുമ്പോൾ സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള അംശാദായം അടയ്ക്കാൻ ഒരു സന്മനസ് കാണിച്ചുകൊണ്ട് അങ്ങ് ഈ വിഭാഗത്തിൽപ്പെട്ടവർ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതത്തിൽ നിന്ന് രക്ഷിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഇത് തുടർ ചർച്ചയ്ക്ക് വയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(ചർച്ച തുടരും)

(iii) 2010 -ലെ കേരള കഥകളിയും മറ്റ് അനുഷ്ഠാന കലാകാരൻമാർ ക്ഷേമനിധി ബിൽ

മി. സ്പീക്കർ : ശ്രീ. ബി. ബാബു പ്രസാദ്, അങ്ങേയ്ക്ക് 2010-ലെ കേരള കഥകളിയും മറ്റ് അനുഷ്ഠാന കലാകാരൻമാർ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ബി. ബാബു പ്രസാദ് : സർ, 2010 - ലെ കേരള കഥകളിയും മറ്റ് അനുഷ്ഠാന കലാകാരൻമാർ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ബി. ബാബു പ്രസാദ് കഥകളി ഉൾപ്പെടെയുള്ള വിവിധ അനുഷ്ഠാന കലകളിലെ കലാകാരന്മാർക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തണമെന്നുള്ളതാണ് ഈ അനൗദ്യോഗിക ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ തനത് കലകളായ കഥകളി, ചാക്യാർകൂത്ത്, കൂടിയാട്ടം, നങ്ങ്യാർകൂത്ത്, പാഠകം, ഓട്ടൻതുള്ളൽ തുടങ്ങിയുള്ള അനുഷ്ഠാന കലകൾ ഉൾപ്പെടെ സംഗീതം, സാഹിത്യം, ചിത്രകല, ശില്പകല, നാടൻകല, ക്ഷേത്രവാദ്യങ്ങൾ, പാരമ്പര്യ കലകൾ, മറ്റ് ക്ഷേത്ര കലകൾ, മാജിക്, കാർട്ടൂൺ, കഥാപ്രസംഗം, സിനിമ തുടങ്ങി കലാസാംസ്ക്കാരിക മേഖലകളിലെ മുഴുവൻ കലാകാരന്മാർക്കും അവരുടെ ജീവിത സുരക്ഷയ്ക്കും ക്ഷേമത്തിനും പെൻഷൻ നൽകുന്നതിനും ഉപകരിക്കുന്ന തരത്തിൽ കേരള സംസ്ഥാന സാംസ്ക്കാരിക ക്ഷേമനിധി രൂപീകരിച്ചു വരികയാണ്. നിയമ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകൾ ഇതുസംബന്ധിച്ച് ഒരു പഠനവും പരിശോധനയുമൊക്കെ നടത്തി ഈ ക്ഷേമനിധി രൂപീകരിക്കാനുള്ള നിയമത്തിന്റെ ഒരു അന്തിമ ഘട്ടത്തിലാണ് നാം എത്തി നിൽക്കുന്നത്. ഇത്തരം ഒരു സാഹചര്യത്തിൽ ശ്രീ. ബി. ബാബു പ്രസാദ്, എം.എൽ.എ. നോട്ടീസ് നൽകിയിട്ടുള്ള ഈ നിയമം അനൗദ്യോഗിക ബിൽ എന്നുള്ളതരത്തിൽ പരിഗണിക്കേണ്ട ആവശ്യമില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ബി. ബാബു പ്രസാദ് : സർ, അങ്ങയുടേത് വളരെ നിരാശാജനകമായ ഒരു നിലപാടായിപ്പോയി ബഹുമാന്യനായ സാംസ്ക്കാരിക വകുപ്പ് മന്ത്രിയുടെ നിലപാട് ഇങ്ങനെയാവും എന്ന് പ്രതീക്ഷിച്ചില്ല. കാരണം ബഹുമാനപ്പെട്ട മന്ത്രി സാംസ്ക്കാരിക കാര്യങ്ങളിൽ വളരെ തൽപരനും, സാഹിത്യം ഉൾപ്പെടെ മറ്റ് സർഗ്ഗപരമായ കാര്യങ്ങളിൽ ഒക്കെ തൽപ്പരനുമാണ്. 'സ്വരലയ' പോലെയുള്ള സംഘടനകൾക്ക് ജന്മം കൊടുത്തുകൊണ്ട് സംഗീതത്തെയും സംഗീത വിദ്വാന്മാരെയും ഒക്കെ യേശുദാസിന്റെ പേരിൽ പുരസ്ക്കാരം കൊടുത്ത് ആദരിക്കുന്ന അങ്ങിൽ നിന്ന് ഞാനിത് പ്രതീക്ഷിച്ചില്ലെന്നുള്ളതാണ് സത്യം. അങ്ങയുടെ കാലത്തെങ്കിലും ഇങ്ങനെ ഒരു അനൗദ്യോഗിക ബില്ലിലൂടെയാണെങ്കിലും ഇക്കാര്യങ്ങൾ അംഗീകരിക്കുമെന്ന് പ്രതീക്ഷിച്ചു. വളരെ നിരാശാജനകമായിപ്പോയി. '2010-ലെ കേരള കഥകളിയും മറ്റ് അനുഷ്ഠാന കലാകാരൻമാർ ക്ഷേമനിധി ബിൽ' അതവരിപ്പിക്കുമ്പോൾ ഈ രംഗത്ത് സ്വന്തം സർഗ്ഗശേഷിയും പ്രതിഭാവിലാസവും കൊണ്ട് മലയാളികളേയും ലോകത്തെയും ധന്യരാക്കിയ ആയിരക്കണക്കിന് കലാകാരന്മാർക്ക് മുന്നിൽ ഈ ബിൽ ഞാൻ സമർപ്പിക്കുകയാണ്. ഈ ബിൽ അവതരിപ്പിക്കുമ്പോൾ 200 വർഷങ്ങൾക്ക് മുമ്പ് തന്റെ 'ഘോഷയാത്ര' എന്ന തുള്ളൽ പാട്ടിൽ മഹാകവി കുഞ്ചൻ നമ്പ്യാർ പാടിയിട്ടുള്ള ഈ വരികൾ ഞാൻ ഓർക്കുകയാണ്.

"കൂത്തുണ്ടൊരു ദിശി പാട്ടുണ്ടൊരു ദിശി

ഓത്തുണ്ടൊരു ദിശി കീർത്തനമൊരു ദിശി

ആട്ടമൊരേടത്തഭ്യാസികളുടെ
ചാട്ടമൊരേടത്തായുധവിദ്യ
കൊട്ടും കോലടി ചെപ്പടി തപ്പടി
തട്ടുമ്മേൽക്കളി തകിലും മുരശും
നാടകനടനം നർമ്മവിനോദം
പാഠകപഠനം പാവക്കൂത്തും
മാടണിമുലമാർമോഹിനിയാട്ടം
പാടവമേറിന പല പല മേളം
ചന്തം തടവിന ചതുരംഗങ്ങളു-
മന്തരഹീനം പകിടക്കളിയും
പന്തടി വീണാവേണുമൃദംഗം
ചിന്തും പേരണി പോരണിവിധവും
അന്തണവരരുടെ ശാസ്ത്രവിചാരം
ഗ്രന്ഥികളുടെ പടുമൽസരവാദം
സന്ധിതുടങ്ങിന നയശാസ്ത്രങ്ങളു-
മെന്തിതു ചൊന്നാലില്ലവസാനം."

ഈ കലാകാരന്മാരെക്കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ 'ഘോഷ യാത്ര' എന്ന തുള്ളൽ പാട്ടിൽ പാടിയിട്ടുള്ളതാണ് എനിക്ക് ഓർമ്മ വരുന്നത്. നമ്മൾ ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കേരളത്തിൽ എന്തുമാത്രം കലാകാരന്മാർ ഇങ്ങനെ ഈ രംഗത്ത് ഇന്ന് ഉണ്ട് എന്നുള്ളതിനെക്കുറിച്ച് ഒരു ക്ലാസിഫിക്കേഷൻ ആവശ്യമാണ്. ഓരോന്നായിട്ട് എടുത്താൽ ആട്ടം, നമ്മുടെ കഥകളിയായി പിന്നീട് രൂപാന്തരം പ്രാപിച്ച രാമനാട്ടം, കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപതിയാട്ടം, മോഹിനിയാട്ടം, കുറത്തിയാട്ടം, പാനേക്കളി ഇങ്ങനെ ആ മേഖലയിൽ ഇത്രയും ഉണ്ട്. കൂത്ത് എടുത്താൽ ചാക്യാർ കൂത്ത്, നങ്ങ്യാർ കൂത്ത്, തോൽപ്പാവക്കൂത്ത് തുടങ്ങിയ കൂത്തുകളും നൃത്തം എടുത്താൽ നടരാജ നൃത്തം ഹംസ നൃത്തം, മയൂരനൃത്തം, അർജ്ജുന നൃത്തം തുടങ്ങിയ നൃത്തങ്ങളും അതുപോലെ തന്നെ ഒപ്പന, ദഫുമുട്ട്, കോൽക്കളി, മാർഗ്ഗംകളി തുടങ്ങിയ കലാരൂപങ്ങളും വടക്കൻ മലബാറിലും കേരളത്തിലും പ്രചുരപ്രചാരം നേടിയ കലകളായിരുന്നു. കാക്കാരശ്ശി നാടകം, ചവിട്ടു നാടകം തുടങ്ങിയ പഴയകാല നാടക രൂപങ്ങളും തോറ്റംപാട്ട്, കോമരം തുള്ളൽ, കനലാട്ടം, മുടിയേറ്റം, പടയണി, കളിയാട്ടം, തെയ്യം, തിറ തുടങ്ങിയ ഉത്തര കേരളത്തിൽ നിൽക്കുന്ന കലാ രൂപങ്ങളും മേളങ്ങളിൽ തിമില, ചേങ്ങല,

LIBRARY ARCHIVES Kerala Legislative Assembly

ഇലത്താളം, ചെണ്ട, കൊമ്പ്, കുഴൽ, ശംഖ്, തുടങ്ങിയ മേളങ്ങളും ഇതു പോലെ അനേകം മേഖലകളിൽ നിൽക്കുന്ന കലാകാരന്മാർ ആരും അറിയപ്പെടാതെ ജീവിതം മുഴുവൻ കലയ്ക്കുവേണ്ടിയുള്ള ഉപാസനയാക്കി, അവരുടെ ചോര മുഴുവൻ നീരാക്കിക്കഴിഞ്ഞാൽ ഏറ്റവും ഒടുവിൽ അഞ്ചോ പത്തോ ആളുകൾക്ക് ഗവൺമെന്റ് ഒരു അംഗീകാരമോ ഒരു പുരസ്കാരമോ കേന്ദ്ര സംഗീത നാടക അക്കാദമിയുടെ ഒരു ഫെല്ലോഷിപ്പോ നാടൻകലാ അക്കാദമിയുടെ ഒരു ഫെല്ലോഷിപ്പോ സംസ്ഥാന സംഗീത നാടക അക്കാദമിയുടെ ഒരു ഫെല്ലോഷിപ്പോ ലഭിക്കുന്നു. ഒരു കഥകളി പുരസ്കാരമോ നാടൻകലാ അക്കാദമിയുടെ ഒരു പുരസ്കാരമോ കൊടുക്കാറുണ്ട്. സാധാരണ ഗതിയിൽ ഇത്തരം ഒരുപാട് അറിയപ്പെടാത്ത കലാകാരന്മാർ നമ്മുടെ ഗ്രാമ ഗ്രാമാന്തരങ്ങളിൽ ഈ രംഗവുമായി ബന്ധപ്പെട്ട അവരുടെ ജീവിതത്തെ ഒരു തപസ്സാക്കി മാറ്റിക്കൊണ്ട് ഇന്ന് ഈ രംഗത്ത് പ്രവർത്തിക്കുകയാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ആളുകളുടെ മികവ് കേരളീയ സമൂഹം നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ ഭാഗമായി ലോകത്തോട് വിളിച്ചു പറയാറുണ്ട്. പല്ലാവൂർ മാരാർമാരുടേയും അതുപോലെ തന്നെ കഥകളിയിലെ കൃഷ്ണനാട്ടത്തിന് രൂപം കൊടുത്ത മാനവേദൻ നമ്പൂതിരി, രാമനാട്ടത്തിന് രൂപം കൊടുത്ത കൊട്ടാരക്കര തമ്പുരാൻ, അതിന്റെ തുടർച്ച എന്നുള്ള നിലയിൽ കഥകളിയെ പരിപുഷ്ടമാക്കിയ കോട്ടയം തമ്പുരാൻ, പട്ടിക്കാന്തുടി രാവുണ്ണി മേനോൻ തുടങ്ങി കലാമണ്ഡലത്തിൽ തന്നെയുള്ള വളരെ ശ്രേഷ്ഠരായ നിരവധി ആളുകൾ ഈ രംഗത്ത് സംഭാവന ചെയ്ത കാര്യങ്ങളെ കുറിച്ച് നമ്മൾ എഴുതുകയും ദൃശ്യാവിഷ്കാരം നടത്തുകയും ചെയ്തുകൊണ്ട് നമ്മുടെ പാരമ്പര്യത്തെക്കുറിച്ച് ലോകത്തിനു മുന്നിൽ ഉദ്ഘോഷിക്കാറുണ്ട്. പക്ഷേ ഇന്നും ദൈനംദിന ആവിഷ്കാരത്തിന് ഈ പുരസ്കാരങ്ങളൊന്നും അവർക്ക് പ്രയോജനപ്പെടുന്നില്ല. ഈ പറയുന്ന കലാകാരന്മാർക്കും ഏതെങ്കിലും അമ്പലത്തിലോ പൊതു സ്ഥലത്തോ ആഡിറ്റോറിയത്തിലോ അവരുടെ കലാ ആവിഷ്കാരം നടത്തിയാൽ കിട്ടുന്നതാണ് ഇവരുടെ വരുമാനമാർഗ്ഗം. അവർക്ക് കിട്ടുന്ന പുരസ്കാരങ്ങളെല്ലാം സാമ്പത്തികമായ സഹായമൊന്നുമില്ലാത്തതാണ്. സർക്കാർ സ്വർണ്ണപ്പതക്കവും സർട്ടിഫിക്കറ്റും കൊടുക്കും. അതുകൊണ്ട് അവർക്ക് ജീവിക്കുവാൻ കഴിയുമോ ? സ്വർണ്ണപ്പതക്കം വിറ്റ് ജീവിക്കുവാൻ കഴിയുമോ ? സർട്ടിഫിക്കറ്റ് പണയംവച്ച് ജീവിക്കുവാൻ കഴിയുമോ ? അവർക്ക് വരുമാനം ഉണ്ടാകണമെന്നുണ്ടെങ്കിൽ അമ്പലപ്പറമ്പിൽ നിന്നോ ആരാധനാലയങ്ങളിൽനിന്നോ അവർ ആവിഷ്കാരം നടത്തുന്ന വേദികളിലെ സംഘാടകർ നൽകുന്ന നാമമാത്രമായ തുകയുടെ ഒരു പങ്ക് കിട്ടണം. എങ്കിൽ മാത്രമേ അവർക്ക് ജീവിക്കുവാൻ പറ്റൂ. രാത്രിയിൽ ആവിഷ്കരിക്കുന്ന കലയാണ് കഥകളി. നമുക്ക് ആദ്യം കഥകളിയെടുക്കാം. കഥകളിയുടെ ഒരു ബുദ്ധിമുട്ട് എന്നു പറയുന്നത്, കലാകാരൻ ചുട്ടികുത്തുന്നതിനു തന്നെ മണിക്കൂറുകളുടെ സഹനം വേണം. അത്രയും സമയം അദ്ദേഹം ചുട്ടികുത്തുന്ന മേക്കപ് മാന്റെ അല്ലെങ്കിൽ ചുട്ടി കുത്തുന്ന ആ കലാകാരന്റെ മടിയിൽ കിടന്നുകൊണ്ട്, അത്രയും സമയം നിവർന്നു കിടക്കണം. അനങ്ങുവാൻ പറ്റുകയില്ല. മറ്റ് ഒരുതരത്തിലും എണീറ്റു പോകുവാൻ അദ്ദേഹത്തിന് കഴിയുകയില്ല. ഈ ആവിഷ്കാരത്തിന് മാത്രമല്ല അതിനുള്ള ഒരുക്കത്തിനു പോലും ഉപാസന വേണ്ട കലയാണ് കഥകളിയെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. കഥകളിയിലെ പിൻപാട്ടുകാരേയും മേളക്കാരേയും നമുക്കറിയാം. വൈകിട്ട് 7 മണിക്ക് തുടങ്ങി രാവിലെ ആറ് മണിക്ക് തീരുന്ന 11 മണിക്കൂർ നീണ്ടു നിൽക്കുന്ന കലാരൂപമാണ് കഥകളി എന്നു പറയുന്നത്. ഇത്രയും സമയം മേളക്കാരും പിൻപാട്ടുകാരും നിൽക്കുകയാണ്. കഥകളി ഒരുതരത്തിലുള്ള മറയും ഇല്ലാതെ വേദിയിൽ കാണിക്കുന്ന കലാരൂപമാണ്. കേളികൊട്ട് കഴിഞ്ഞ് തിരശ്ശീല മാറ്റിക്കഴിഞ്ഞാൽ കഥകളി കലാകാരന്മാരുടെ എല്ലാ തരത്തിലുള്ള ചലനങ്ങളും കാണികൾക്ക് കാണാം. അപ്പോൾ മേളക്കാരുടേയും കലാകാരന്മാരുടേയും ക്ലേശങ്ങളും കാണാവുന്നതാണ്. രാത്രിയുടെ ആദ്യയാമം മുതൽ അന്ത്യയാമം വരെ മനസ്സ് വളരെ ദൃഢതയോടെയും വളരെയധികം ഉപാസനയോടെയും നിർത്തി ആ കലയെ മാത്രം കണ്ടുകൊണ്ട് ശരീരത്തെ ഒരു മാധ്യമമാക്കി ആവിഷ്കരിക്കുന്ന കലാകാരന് ഇന്നും കിട്ടുന്ന പ്രതിഫലമെന്നു പറയുന്നത് വളരെ തുച്ഛമായതാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് അടക്കം എല്ലാവർക്കും അറിയുന്ന തുച്ഛമായ പ്രതിഫലമാണ്. അതുതെന്നെയാണ് ഇവിടെ നേരത്തെ സൂചിപ്പിച്ച ഓരോ കലാകാരന്മാരുടേയും പ്രതിഫലം. കേന്ദ്ര സർക്കാരിന്റെ സുവർണ്ണ കമലം നേടിയ നിർമ്മാല്യം എന്ന പ്രസിദ്ധമായ ചിത്രത്തിൽ എം. ടി വാസുദേവൻനായരുടെ കഥാപാത്രമായ വെളിച്ചപ്പാടിനോട് ഒരു വീട്ടമ്മ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. 'നിങ്ങളും തുടങ്ങിയോ ഇരക്കാൻ' എന്ന ആ ചോദ്യം ഞാൻ ഇവിടെ ഓർക്കുകയാണ്. അതുപോലെ നമ്മുടെ ഈ കലാകാരന്മാർ പട്ടിണി വന്നാൽ പുറത്തു പറയുന്നില്ല. ഒരു ദിവസം അവരുടെ കലാരൂപം അവതരിപ്പിച്ച് പത്ത് രൂപ കിട്ടാൻ മാർഗ്ഗമില്ലെന്നുണ്ടെങ്കിൽ അവർക്ക് ഇരക്കാൻ പോകാൻ പറ്റുമോ സർ? ഇത്രയും പ്രശസ്തരായ, മാധ്യമങ്ങളുടെ ദൃഷ്ടിയിൽ, ലോകത്തിന്റെ ദൃഷ്ടിയിൽ ഇത്രയും പ്രശസ്തരായ കലാകാരന്മാർ പത്ത് ദിവസം അവരുടെ കലാരൂപം അവതരിപ്പിക്കാൻ അവസരം കിട്ടാതെ ഒരു പ്രതിഫലമില്ലാത്ത ഒരു അവസരം വന്നാൽ, അവരെ സംബന്ധിച്ചിടത്തോളം കളിയില്ലാത്ത അവസരം വന്നാൽ ഇരക്കാൻ പോകുവാൻ പറ്റുമോ സർ? എം. ടി. വാസുദേവൻ നായർ സാറിന്റെ കഥയിൽ ചോദിക്കുന്നതുപോലെ 'വെളിച്ചപ്പാടേ, നിങ്ങളും തുടങ്ങിയോ ഇരക്കാൻ' എന്ന് കലാകാരന്മാരോട് ചോദിക്കുകയില്ലേ. അതുകൊണ്ട് നാളെ ഈ കലാരൂപങ്ങൾ തന്നെ നിലനിൽക്കണമെങ്കിൽ അത് അവതരിപ്പിക്കപ്പെടുന്ന മാധ്യമമായ കലാകാരന്മാർ നിലനിൽക്കപ്പെടണം. കലാകാരന്മാർ നിന്നാലേ ആ കലാരൂപം നിലനിൽക്കൂ. ഈ കലാകാരന്മാരുണ്ടെങ്കിലേ അനന്തര തലമുറ ഈ കലാരൂപം മുന്നോട്ടു കൊണ്ടുപോകുവാൻ ഉണ്ടാകൂ. ഇവർക്ക് രണ്ടുതരത്തിൽ പ്രസക്തിയുണ്ട്. ഇവരും ഇവരുടെ കുടുംബവും നിലനിന്നാലേ ഈ കലാ രൂപം നിലനിൽക്കൂ. ഒരു ഉദാഹരണം പറഞ്ഞാൽ, മയൂര നൃത്തം ; കുമാരനല്ലൂരുള്ള ഒരു കലാകാരനായിരുന്നു മയൂരനൃത്തം അവതരിപ്പിച്ചിരുന്ന ഒരേ ഒരാൾ. അദ്ദേഹം മരിച്ചുപോയി. അദ്ദേഹം മരിച്ചു കഴിഞ്ഞശേഷം കേരളത്തിൽ പ്രശസ്തരായ ഒരു കലാകാരന്മാരും മയൂരനൃത്തം അവതരിപ്പിക്കുവാൻ ഇല്ലായിരുന്നു. അങ്ങ് മന്ത്രി ആയിരുന്ന അവസരത്തിൽ സ്പോർട്ട്സ് യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള ഒരു പരിപാടി നടത്തിയപ്പോൾ അർജ്ജുനനൃത്തം അവതരിപ്പിക്കുന്ന ഒരാളിനെ കോട്ടയത്തുനിന്ന് കൊണ്ടുവന്നു. കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരൊറ്റ കലാകാരനേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം മരിച്ചു കഴിഞ്ഞപ്പോൾ ആ കല അന്യംനിന്നുപോയി. ആ കലാരൂപം ഇന്ന് ഏറ്റെടുത്ത് നടത്താനോ പ്രോത്സാഹിപ്പിക്കുവാനോ ആളില്ല. ഈ പറയുന്ന കഥകളി, കൂടിയാട്ടം, കാക്കാരിശ്ശി നാടകം തുടങ്ങി ഇവിടെ പറഞ്ഞ എല്ലാ കലാരൂപങ്ങളും നില നിൽക്കാൻ കലാകാരന്മാർ ആവശ്യമാണ്. അതുപോലെതന്നെ കലാരൂപങ്ങളെ ഒന്നാകെ നിലനിർത്താൻ അവർക്ക് പ്രോത്സാഹനം എന്നുള്ള രൂപത്തിലെങ്കിലും ക്ഷേമനിധി നടപ്പിലാക്കണം. ഈ കലാരൂപങ്ങളെല്ലാം ഒരു ദീപശിഖപോലെ അടുത്ത തലമുറയിലേയ്ക്ക് കൈമാറണമെന്നുണ്ടെങ്കിൽ കലാകാരന്മാർക്ക് വേണ്ട പ്രോൽസാഹനം കൊടുക്കണം. കഥകളിക്ക് ആ പ്രശ്നം ഇല്ല. കഥകളി കലാകാരന്മാർ ധാരാളം വരുന്നുണ്ട്. ഇന്ന് ദൃശ്യ മാധ്യമങ്ങളിലൊക്കെ കഥകളിക്ക് ഒരു വലിയ പ്രസക്തി, വലിയ പ്രാധാന്യമുള്ളതുകൊണ്ട് ആളുകൾ ആ മേഖലയിലേയ്ക്ക് വരുന്നു. പക്ഷേ ചാക്യാർകൂത്ത്, നങ്ങ്യാർ കൂത്ത്, തോൽപ്പാവക്കൂത്ത്, നടരാജനൃത്തം, ഹംസനൃത്തം, മയൂരനൃത്തം, അർജ്ജുന നൃത്തം, ഒപ്പന, ദഫുമുട്ട്, കോൽകളി, ചവിട്ടുനാടകം, കാക്കാരിശ്ശിനാടകം, മാർഗ്ഗംകളി, പാന. തോറ്റംപാട്ട്, കോമരംതുള്ളൽ, കനലാട്ടം, മുടിയേറ്റ്, കളിയാട്ടം, പടയണി, തെയ്യം, തിറ, അയ്യപ്പൻവിളക്ക്, തിമില, ചേങ്ങില, ഇലത്താളം, കൊമ്പ്, കുഴൽ, ശംഖ്, കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപതിയാട്ടം, മോഹിനിയാട്ടം, കുറത്തിയാട്ടം, തുടങ്ങിയ കലാ രൂപങ്ങളിൽ പലതും ഇന്ന് നമ്മുടെ പൊതു സമൂഹം വിസ്മരിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇവരെ പ്രോത്സാഹിപ്പിക്കുവാൻ ഒരു ക്ഷേമനിധി കൊണ്ടുവന്ന്, ഇവർക്ക് വേണ്ടി അംശാദായം അടയ്ക്കേണ്ടി വന്നാൽ, ആകെ കേരളത്തിൽ പതിനായിരത്തിൽ താഴെ കലാകാരന്മാരേ കാണൂ. അപ്പോൾ എത്ര രൂപ അംശാദായം അടയ്ക്കേണ്ടി വരും സർ? അവർക്ക് പെൻഷൻ കൊടുക്കണമെങ്കിൽ എത്ര രൂപ കൊടുക്കേണ്ടി വരും? അങ്ങ് മന്ത്രി ആയിരിക്കുന്ന സമയത്ത് ഞാൻ പറഞ്ഞ കലകളെ പ്രോത്സാഹിപ്പിക്കുകയും കലയ്ക്കുവേണ്ടി സമയം മാറ്റി വയ്ക്കുകയും അതിനുവേണ്ടി ആത്മാർത്ഥമായി ഇടപെടുകയും ചെയ്ത ഒരാളാണ്.

മി. സ്പീക്കർ : അങ്ങ് പറഞ്ഞ മുഴുവൻ കലകളിലുമായി പതിനായിരമല്ല, അഞ്ച് ലക്ഷം പേരെങ്കിലും ഉണ്ടാകും.

ശ്രീ. ബി. ബാബു പ്രസാദ് : ശരിയാണ് സാർ, ഉണ്ടാകും. ആ ഒരു കാര്യത്തിന് അങ്ങ് മുൻകയ്യെടുക്കണം. സാധാരണ ഒരു ബില്ലിനെ കാണുന്ന ലാഘവത്തോടെ ഇതിനെ കണ്ടാൽ കേരളത്തിന്റെ സംസ്കാരത്തെയാണ്, കേരളത്തിന്റെ സർഗ്ഗപരമായ, നമ്മൾ അഭിമാനം കൊള്ളുന്ന ആ പശ്ചാത്തല ത്തെയാണ് തമസ്കരിക്കുന്നത് എന്ന് മനസ്സിലാക്കിക്കൊണ്ട് ഈ കലാകാര ന്മാർക്കുള്ള ക്ഷേമനിധി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഇത് തുടർ ചർച്ചയ്ക്ക് മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഗവൺമെന്റ് ഇപ്പോൾത്തന്നെ അതിന്റെ നിയമനിർമ്മാണത്തിന് വേണ്ടി എല്ലാ നടപടികളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇതിന്റെ ആവശ്യമില്ലെന്നാണ് ഞാൻ പറഞ്ഞത്. യഥാർത്ഥത്തിൽ ഗവൺമെന്റ് അത് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. അതിന്റെ പ്രാധാന്യം അംഗീകരിക്കുകയാണ് ചെയ്തത്.

മി. സ്പീക്കർ: ശ്രീ. ബാബു പ്രസാദ്, ഈ ബില്ലിന്റെ ചർച്ച തുടരുന്നോ?

ശ്രീ. ബി. ബാബു പ്രസാദ്: ചർച്ച തുടരുന്നു.

(ചർച്ച തുടരും)

മി. സ്പീക്കർ: ശ്രീ. എം. മുരളി.....

(iv) 2010-ലെ കേരള സാമൂഹ്യ പ്രവർത്തക ക്ഷേമനിധി ബിൽ

ശ്രീ. എം. മുരളി: സർ, 2010-ലെ കേരള സാമൂഹ്യ പ്രവർത്തക ക്ഷേമ നിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കേരളത്തിലെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചത് എങ്കിലും ബില്ലിൽ പറയുന്ന കാര്യങ്ങൾ നമ്മുടെ സമൂഹത്തിൽ നടപ്പിലാക്കുക എന്നുള്ളത് തീർത്തും അപ്രായോഗികമായ ഒരു കാര്യമാണ്. അത് ബഹുമാനപ്പെട്ട മുരളിക്കും അറിയാം. സാമൂഹ്യ പ്രവർത്തകർ എന്നുള്ള നിലയിൽ ഏതെല്ലാം തരത്തിലുള്ള വിഭാഗത്തിൽപ്പെട്ടവരെയാണ് ഇതിന്റെ ഗണത്തിൽപ്പെടുത്തുക എന്നുള്ളതുപോലും അത്ര എളുപ്പത്തിൽ പറയാൻ സാധിക്കുകയില്ല. 65 വയസ് കഴിഞ്ഞ അവശത അനുഭവിക്കുന്നവർക്ക് പെൻഷനും ചികിത്സാ സഹായവും നൽകുന്നതിന് ക്ഷേമനിധി രൂപീകരിക്കണമെന്നുള്ളതാണ്. പക്ഷേ ഗവൺമെന്റ് ഇപ്പോൾ കേരളത്തിലെ 35 ലക്ഷത്തോളം വരുന്ന കുടുംബങ്ങളിൽപ്പെട്ടവർക്ക് കൊടുക്കുന്ന പെൻഷനിൽ വന്ദ്യ വയോധികരായിട്ടുള്ള 65 വയസ്സ് കഴിഞ്ഞിട്ടുള്ള മഹാഭൂരിപക്ഷത്തിനും പെൻഷൻ കിട്ടുന്ന രീതിയിലേയ്ക്ക് പദ്ധതികൾ, ക്ഷേമ പെൻഷനുകൾ വരികയാണ്. നിർദ്ധനരായിട്ടുള്ള വയോജനങ്ങൾക്ക് പെൻഷനും ഒപ്പം സൗജന്യ ചികിത്സയുമെല്ലാം ഉറപ്പുവരുത്തുന്ന ഒരു പദ്ധതി രൂപപ്പെട്ടു വരുന്ന ഈ കാലത്ത്, സർക്കാർ അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ സാമൂഹ്യ പ്രവർത്തകർക്കായി പ്രത്യേക ഗണം തിരിച്ച് അവർക്കുവേണ്ടി ഒരു ക്ഷേമനിധി, പെൻഷൻ കൊടുക്കുക എന്നുള്ളതിന്റെ ആവശ്യമില്ല. അത് ഇങ്ങനെ ഒരു സമൂഹത്തിൽ നടപ്പിലാക്കുക എന്നുള്ളതുതന്നെ അപ്രായോഗികമാണെന്നുള്ളത് കൊണ്ട് ഈ ബില്ല് നിരാകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. മുരളി: സർ, ഇന്ത്യക്ക് മാതൃകയായി നിരവധി പെൻഷൻ പദ്ധതികളും ക്ഷേമ പദ്ധതികളും ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ചില സാമ്പത്തിക വിദഗ്ദ്ധൻമാർ പെൻഷൻ കൊടുക്കാനും

12.00 Noon]

LIBRARY ARCHIVES Kerala Legislative Assembly